**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 235** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഹോമിയോപ്പതി വകുപ്പിലെ ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഹോമിയോപ്പതി വകുപ്പിൽ അനുവദിക്കപ്പെട്ട ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം-17 കൊല്ലം-14 പത്തനംതിട്ട-10 ആലപ്പുഴ-9 കോട്ടയം-9 ഇടുക്കി-3 എറണാകുളം-16 തൃശ്ശൂർ-14 പാലക്കാട്-8 മലപ്പുറം-7 കോഴിക്കോട്-9 വയനാട്-4 കണ്ണൂർ-6 കാസർഗോഡ്-2 |
| (ബി) | പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിന് ഹോമിയോപ്പതി വകുപ്പിൽ പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (ബി) | ഹോമിയോപ്പതി സ്പെഷ്യൽ റൂൾ (GO(P) No.17/2018/Ayush dtd 13.09.2018) പ്രകാരം പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല. |
| (സി) | പ്രസ്തുത വകുപ്പിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലെ ഏതൊക്കെ ഡിസ്പെൻസറികളിലാണ് ചീഫ് മെഡിക്കൽ ഓഫീസർമാരുടെ തസ്തികകൾ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | 1.കാഞ്ഞങ്ങാട് ബ്ലോക്കിലെ അജാനൂർ ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറി, അജാനൂർ.<br>2.കാഞ്ഞങ്ങാട് ബ്ലോക്കിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറി, പള്ളിക്കര. |
| (ഡി) | ജില്ലയുടെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് സി.എം.ഒ തസ്തികകളുടെ എണ്ണം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും കൂടുതലായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ